# ശ്രീ സത്യ സായി സേവാ സംഘടന , കേരളം

## ആന്തരികയാത്ര - ജനുവരി 2017

## സാധന – ഭഗവാന്റെ ദിവ്യ സന്ദേശങ്ങൾ (ഭാഗം 1 )

### ആമുഖം

എന്താണ് സാധന? ജീവിതത്തിന് ഒരു ലക്ഷ്യമുണ്ട്. മനുഷ്യ ജന്മം വളരെ വിലപിടിച്ച താണ്. ഇന്ദ്രിയ ഭോഗങ്ങളിൽ മുഴുകി സുഖ-ദുഃഖങ്ങൾ അനുഭവിക്കുകയല്ല ജീവിത ലക്ഷ്യം. **'ഞാൻ'** ദേഹവും മനസ്സും ബുദ്ധിയും അഹംകാരവും ചിത്തവും അല്ല, **'ഞാൻ' "ആത്മാവാണ്"** എന്ന ബോധം അനുഭവത്തിൽ വരുന്ന ആത്മസാക്ഷാത്കാരമാണ് ജീവിത ലക്ഷ്യം. ആ ജീവിത ലക്ഷ്യത്തെ **"സാദ്ധ്യം"** എന്ന പറയുന്നു. **"സാദ്ധ്യം"** കൈവരിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ മനുഷ്യന് മാത്രം ദൈവം നൽകിയിരിക്കുന്നു. ആ ഉപകരണങ്ങൾ ഉപയോഗിച്ച് "**സാദ്ധ്യം"** കൈവരിക്കുവാൻ നിരന്തരം യത്നിക്കുന്നവനെ **'സാധകൻ'** എന്ന വിളിക്കുന്നു. സാദ്ധ്യത്തിനു വേണ്ടിയുള്ള സാധകന്റെ അശ്രാന്ത പരിശ്രമത്തെ **"സാധന"** എന്ന് പറയുന്നു. സായി സാധകന്റെ ജീവിത ലക്ഷ്യം ആത്മസാക്ഷാത്കാരമാണ് അഥവാ സായിയിൽ ലയിക്കുകയാണ്.

ലക്ഷ്യപ്രാപ്തിക്ക് നിരവധി മാർഗ്ഗങ്ങളുണ്ട്. അവയെ പൊതുവെ ഭക്തി (പ്രേമം) , ജ്ഞാനം, കർമ്മം, ധ്യാനം എന്നിങ്ങനെ വിഭജിക്കാവുന്നതാണ്. ഒന്നിന് മറ്റൊന്നിനോട് അഭേദ്യമായ ബന്ധമുണ്ടെന്ന കാര്യം മറക്കരുത്. ആ മാർഗ്ഗങ്ങളുപയോഗിക്കാൻ സാധകന് അറിവും പ്രചോദനവും നൽകുന്ന ഏതാനും ഉദ്ധരണികളാണ് താഴെ കൊടുത്തിരിക്കുന്നത്.

### ഭക്തി സാധന (പ്രേമ സാധന)

സന്തോഷവും ശാന്തിയും വേണമെങ്കിൽ നിങ്ങൾ പ്രേമം നൽകണം. പ്രേമത്തിൽക്കൂടെ മാത്രമേ നിങ്ങൾക്ക് യാഥാർത്ഥ സൗഖ്യം ലഭിക്കുകയുള്ളു. പ്രേമം വഴി മാത്രമേ നിങ്ങൾക്ക് ആന്തരിക ശാന്തി ലഭിക്കുകയുള്ളു. അതുകൊണ്ട് പ്രേമം വളർത്തുക, പ്രേമത്തിൽ ജീവിക്കുക. പ്രേമം ജീവിക്കുന്നത് ദാനവും ക്ഷമയും വഴിയാണ്.

നിങ്ങളുടെ അന്തർലീനമായ ദിവ്യതയിൽ വിശ്വാസമർപ്പിക്കുക. ഭൗതിക ജ്ഞാനം നിങ്ങൾക്ക് ആഹാരവും വാസസ്ഥാനവും നൽകുന്നു. എന്നാൽ ആത്മവിദ്യ നിങ്ങൾക്ക് നൽകുന്നത് ആത്മസാക്ഷാത്കാരമാണ്.

രത്നാകരനെന്ന കൊള്ളക്കാരൻ വാല്മീകിയായത് ദൈവ പ്രേമം കൊണ്ടാണ്. അസുരപുത്രനായ പ്രഹ്ലാദൻ പ്രകാശിച്ചതും പരിശുദ്ധമായതും ദൈവ പ്രീതി കൊണ്ടാണ്. രാമനാമ ജപം വഴി ഹനുമാൻ ഭാരതത്തിന്റെ സ്തുത്യർഹമായ പദവിയിലെത്തി. പക്ഷിയായ ജടായു രാമഭക്തി വഴി ദിവ്യതയിൽ ലയിച്ചു. ഭഗവദ് ഭക്തിക്ക് ജാതി മത ലിംഗ .ഭേദമില്ല. എല്ലാവരും അതിന് അർഹരാണ്.

ദൈവം സർവ്വവ്യാപിയാണ്. എന്നാൽ നാമരൂപങ്ങളുടെ സഹായമില്ലാതെ നിർഗ്ഗുണ-നിരാകാര ബ്രഹ്മത്തെ അറിയാൻ കഴിയുകയില്ല. ഭഗവാൻ സ്വീകരിച്ച രൂപത്തിൽ ഭക്തിയും പ്രേമവും വളർത്തണം. ഭക്തിയുടെ ആദ്യ പടി നാമ - രൂപങ്ങളുള്ള ഭഗവാനെ ആരാധിക്കുകയാണ്. ക്രമേണ ഇഞ്ചിഞ്ചായി ഉന്നത സ്ഥിതിയിലെത്താം.

ഭക്തർ ഭഗവാനെ സ്നേഹിക്കുന്നു. എന്നാൽ ഭഗവാനുവേണ്ടി ഭഗവാനെ സ്നേഹി ക്കുന്നില്ല. എന്നാൽ ഭഗവൻ ഭക്തനുവേണ്ടി ഭക്തനെ സ്നേഹിക്കുന്നു. ഭഗവാന് വ്യക്തിഗതതാല്പര്യങ്ങൾ ഇല്ലാത്തതിനാലാണ് ഇത് സാദ്ധ്യമാകുന്നത്.

ഭക്തിയുടെ മൂന്ന് പാടവകൾ ഇവയാണ് -- "എനിക്കുവേണ്ടി പ്രവർത്തിക്കുക", "എനിക്കുവേണ്ടി മാത്രം പ്രവർത്തിക്കുക" "എന്നിൽമാത്രം ഭക്തി നിരതനായി രിക്കുക". നിർഭാഗ്യവശാൽ ഇവയുടെ പിന്നിലുള്ള മഹത്തയ സത്യം കുറച്ചു പേർക്ക് മാത്രമേ അറിയാൻ കഴിയുന്നുള്ളു.

നിങ്ങളുടെ അകത്ത് ഒരു കല്പവൃക്ഷം ഉണ്ടെന്ന് നിങ്ങളറിയുന്നില്ല. നിങ്ങൾ ചെറുതായി ചിന്തിക്കുന്നു, ചെറിയ നേട്ടം ലഭിക്കുന്നു. കൊച്ച് സാധനങ്ങളോട് ആകർഷണം തോന്നുന്നത് നിങ്ങളുടെ ശക്തി നിങ്ങളറിയാത്തതുകൊണ്ടാണ്. യാഥാർത്ഥത്തിൽ . നിങ്ങളുടെ ശക്തി അനന്തമാണ്. ദേഹമാണ് ഞാൻ എന്ന ബുദ്ധി നിങ്ങളെ ചെറുതാക്കുന്നു. അഹം ദേഹാസ്മി എന്ന ഭാവത്തിൽനിന്ന് ;അഹം ജീവാസ്മി (ജീവാത്മാവാണ്) എന്ന ഭാവത്തിൽക്കൂടി അഹം ബ്രഹ്മാസ്മി എന്ന അദ്വൈത ഭാവത്തിൽ എത്തിച്ചേരണം.

ഭഗവാന്റെ അടുത്തതാണ് നീയെങ്കിൽ, നീ ഭഗവാന് പ്രിയപ്പെട്ടവനാകും, ഭഗവാന്റെ പ്രേമം നിനക്ക് ലഭിക്കും. താമസിയാതെ നിന്നിലെ ദുർഗ്ഗുണങ്ങളെല്ലാം അകന്നുപോയി സദ്ഗുണ സമ്പന്നനായി നീ മാറും. ദൈവത്തോട് അടുത്ത് കൂടുതൽ അടുത്ത്, ഭഗവാന് പ്രിയപ്പെട്ടവനായി മാറാൻ, കൂടുതൽ പ്രിയപ്പെട്ടവനായി മാറാൻ, ദൈവ പ്രേമം വളർത്തിക്കൊണ്ട് വരിക.

എന്നിൽ സ്ഥിരവും അചഞ്ചലവുമായ ഭക്തി ഉള്ളവൻ എനിക്കേറ്റവും പ്രിയപ്പെട്ട വനാണ്.

യാഥർത്ഥ ഭക്തനിൽ വിദ്വേഷവും അസൂയയും ക്രോധവും ഉണ്ടായിരിക്കുകയില്ല. ഇവയാണ് ഭക്തിക്ക് തടസ്സം. എല്ലാവരോടും ഐക്യത്തോടെ പെരുമാറണം. നിങ്ങൾ ഒരാളെ ദ്വേഷിച്ചാൽ നിങ്ങൾ ആരാധിക്കുന്ന ഭഗവാനെയാണ് ദ്വേഷിക്കുന്നത് എന്നോർക്കുക. **"അദ് വേഷ്ടാ സർവ്വ ഭൂതാനാം"** എന്ന വചനം ഓർക്കുക.

എല്ലാം ദൈവത്തിന്റേതാണ് . ദൈവത്തിന്റെ മാത്രമാണ്. ഭഗവാന്റെ ആജ്ഞകൾ അനുസരിച്ച് പ്രവർത്തിക്കുന്നതാണ് ശരണാഗതി.

പട്ടണത്തിലോ ഗ്രാമത്തിലോ കാട്ടിലോ ആകാശത്തോ, നീ എവിടെയായാലും ഞാൻ നിനക്കഭയം നൽകുന്നു. . വരൂ, എന്നിൽ ശരണാഗതി പ്രാപിക്കു.

നിങ്ങളുടെ ഇച്ഛയും ഭഗവാന്റെ ഇച്ഛയും പ്രത്യേകമായി കണ്ടാൽ നിങ്ങളുടെ അഹംകാരം കളയാനാകില്ല. ഭഗവാന്റെ സർവ്വ വ്യാപകത്വം തിരിച്ചറിഞ്ഞാൽ ഭഗവാനെ പിന്തുടരാൻ നിങ്ങൾക്ക് വിഷമമുണ്ടാകുകയില്ല. ഭഗവാൻ ജ്യോതി സ്വരൂപത്തിൽ എല്ലാവരിലും എല്ലായിടത്തും പ്രകാശിക്കുന്നുവെന്ന് തിരിച്ച റിഞ്ഞാൽ, നിങ്ങൾക്ക് അഹംകാരവും സംഗവും ത്യജിക്കാനാകും. സ്വയം പ്രകാശിച്ചുകൊണ്ടിരിക്കുന്ന ജ്യോതിസ്സ് നിങ്ങളുടെ അകത്തും പ്രകാശിച്ചു കൊണ്ടിരിക്കുന്നു.

ഭക്തി വർദ്ധിക്കുംതോറും ത്യാഗത്തിനുള്ള കഴിവ് വർദ്ധിക്കുന്നു. പ്രേമം വിക സിക്കുന്നു. അപ്പോൾ നിങ്ങൾക്കാവശ്യമുള്ളതെല്ലാം വന്നുചേരും. മനുഷ്യന്റെ ജീവശ്വാസമാണ് ഭക്തി. പ്രേമമില്ലാതെ നിങ്ങൾക്ക് ജീവിക്കാനാകില്ല. നിങ്ങളുടെ ആത്മാവിനുവേണ്ടി മാത്രം പ്രേമം വളർത്തുക, മറ്റുള്ളവർക്കുവേണ്ടി ആകരുത്. ഈ പ്രേമം വഴിമാറി ലോകത്തിലേക്ക് വ്യാപിക്കുമ്പോഴാണ് നിങ്ങൾ ഭവരോഗ ത്തിനടിമയാകുന്നത്.

കൊച്ചു കാര്യങ്ങൾക്കുവേണ്ടി നിങ്ങൾ കോപാവിഷ്ടനാകുന്നു. ഇത് അപകടമാണ്. നിങ്ങൾക്ക് യാതൊന്നും നേടാനാവില്ല. ധനം നഷ്ടപ്പെടുന്നു , നിങ്ങൾ ആർജ്ജിച്ച മാന്യത ഭസ്മമാകുന്നു. അടുപ്പമുള്ളവരെ അകറ്റുന്നു. എല്ലാം നഷ്ടപ്പെടുന്നു, ജീവിതം തന്നെ പാഴാകുന്നു. പ്രേമ തത്വത്തിനുമാത്രമേ നിങ്ങളെ ഇതിൽനിന്ന് മോചിപ്പിക്കാനാകൂ.

ദൈവലയനത്തിലേക്കുള്ള പ്രധാന കവാടം നാക്കിന്‌റെ നിയന്ത്രണമാണ്. ഇത് സംസാരത്തിലും രുചിയിലും പ്രകടമാകണം. നാക്കിനെ നിയന്ത്രിക്കാതെ ഭക്തി മാർഗ്ഗത്തിൽ സഞ്ചരിച്ച് ഭഗവാനുമായി ലയിക്കാനാകില്ല.

ഇതെന്‌റെ പ്രതിജ്ഞയാണ്. എന്നെ പ്രേമത്തോടെ സ്മരിച്ചുകൊണ്ടിരുന്നാൽ ഞാൻ നിങ്ങൾക്ക് വിവേചനശക്തി നൽകും. അതുവഴി സ്ഥിരമായി എന്നിൽ പ്രവേശിക്കുവാനും വിലയിക്കാനും നിങ്ങൾക്ക് കഴിയുന്നു.

നിങ്ങൾ കൊച്ചു കൈകളെക്കൊണ്ട് എന്നെ സേവിക്കുന്നു. കൊച്ചു കണ്ണുകളെക്കൊണ്ട് എന്നെയും ലോകത്തെയും കാണുന്നു. കൊച്ചു കാതുകൾവഴി എന്‌റെ വാക്കുകൾ ശ്രവിക്കുന്നു. കൊച്ചു കാലുകൾകൊണ്ട് എന്‌റെ അടുത്തുവരുവാൻ ശ്രമിക്കുന്നു. ഇവകൊണ്ട് മാത്രമായില്ല. നിങ്ങളുടെ ഹൃദയത്തിൽ എന്നെ സ്ഥിരമായി പ്രതിഷ്ഠിക്കുക.

ദൈവം പൂർണ്ണമാണ്. അതുകൊണ്ട് നിങ്ങളുടെ വിശ്വാസവും പൂർണ്ണമാകണം. പ്രേമവും വിശ്വാസവും കൊണ്ട് നിറഞ്ഞ പുർണ്ണഹൃദയമുണ്ടാകണം. സംശയം ഹൃദയത്തെ കലുഷമാക്കുന്നു. ഭഗവാനിൽനിന്നും നിങ്ങൾ അകലുന്നു. പ്രേമ വിശ്വാസങ്ങൾക്കൊണ്ട് കുതിർന്ന ഹൃദയത്താൽ എന്നെ സ്മരിക്കുക.

കാമക്രോധാദികളെ നശിപ്പിക്കുന്നതിന് പ്രേമവും ത്യാഗവും വഴിയൊരുക്കുന്നു. നിങ്ങളുടെ ഹൃദയത്തിൽ നിങ്ങൾ ആരാധിക്കുന്ന ഭഗവാൻ എല്ലാവരിലും പ്രകാശിച്ചുകൊണ്ടിരിക്കുന്നതായി ദർശിച്ചാൽ അവിടെ വെറുപ്പിനും വിദ്വേഷത്തിനും കാമത്തിനും സ്ഥാനമില്ല.

ഒരു മനുഷ്യനെന്ന നിലയിൽ നിങ്ങളുടെ പ്രഥമ കർത്തവ്യം നിങ്ങളുടെ ശരീരവും പ്രവൃത്തിയും സമയവും കാലസ്വരൂപനായ ഭഗവാന് സമർപ്പിക്കുകയാണ്.

എല്ലായിടത്തും എല്ലാ ചുറ്റുപാടിലും എപ്പോഴും ഭഗവാനെ സ്മരിക്കുക. കലിയുഗത്തിൽ ഇതിനേക്കാൾ വലിയ സാധനയില്ല. നിരന്തര ഭഗവാനാമോച്ചാരണത്തിലും സ്മരണയിലും മുഴുകുക, അങ്ങനെ ഭഗവാനെ സ്ഥിരമായി നിങ്ങളുടെ ഹൃദയത്തിൽ പ്രതിഷ്ഠിക്കുക.

## ജ്ഞാന സാധന

നിങ്ങൾ നിങ്ങളെക്കുറിച്ചും നിങ്ങളുടെ കുടുംബത്തെക്കുറിച്ചും നിങ്ങളുടെ ആൾക്കാരെ കുറിച്ചും നിങ്ങളുടെ കൈവശമുള്ള വസ്തുവകകളെക്കുറിച്ചും മാത്രം ചിന്തിച്ചിരുന്നാൽ നിങ്ങൾ പിന്നീട് ഖേദിക്കേണ്ടി വരും. "ഞാൻ" "എന്‌റേത്"

എന്ന ഈ ഭാവത്തിൽനിന്ന് "നാം" "നമ്മുടേത്" എന്ന ഉന്നത ഭാവത്തിലേക്ക് ഉയരണം. ക്രമേണ നിസ്വാർത്ഥതയിലേക്ക് സഞ്ചരിക്കണം, ബന്ധനത്തിൽനിന്ന് മോചന ത്തിലേക്ക്.

നിസ്വാർത്ഥ സേവനമോ ഭക്തിയോഗമോ ആന്തരിക അന്വേഷണമോ ഏതുമാർഗ്ഗ ത്തിൽക്കൂടെ സഞ്ചരിച്ചാലും 'ഞാൻ ദേഹമാണ് എന്ന ബോധം നിലനിൽക്കു ന്നിടത്തോളം നിങ്ങൾക്ക് ലക്ഷ്യത്തിലെത്താൻ കഴിയുകയില്ല. ദേഹബോധത്തിൽ നിന്നുളവാകുന്നവാകുന്ന സംഗം നിങ്ങളുടെ ഹൃദയത്തെ മലിനമാക്കും.

വിജയം കൈവരിക്കാൻ ധൈര്യം ആവശ്യമാണ്. ഉറച്ച തീരുമാനവും ആവശ്യ മാണ്. എന്നാൽ അത് അന്ധവും വിഡ്ഢിത്തം നിറഞ്ഞതുമായ ധൈര്യമായി രിക്കരുത്. ധൈര്യം വിവേചന ശക്തിയെ കൂട്ടുപിടിക്കണം. എങ്കിൽ വിജയം സുനിശ്ചിതം.

ശരീരം താമസികമാണ് . അത് ജീവാത്മാവിന്റെ വസ്ത്രം മാത്രമാണ്. അത് ദ്രവിച്ചുപോയാൽ ജീവാത്മാവ് പുതിയ ശരീരമാകുന്ന വസ്ത്രം ധരിക്കുന്നു. മരണം ഈ വസ്ത്രം പോലെയാണ്.

ദൈവം പ്രാണശക്തി നല്കിയതുകൊണ്ടുമാത്രമാണ് ദേഹത്തിനു പലവിധത്തിൽ പ്രവർത്തിക്കാൻ കഴിയുന്നത്. ദിവ്യ ചൈതന്യം ശരീരത്തിന് ഈ ശക്തി നൽകി യില്ലെങ്കിൽ അതിനു പ്രവർത്തിക്കാനാകില്ല.

ദേഹം ജഡമാണ്. ശരീരത്തിനടിസ്ഥാനമായ ദിവ്യത അതിനെ ബോധംകൊണ്ട് നിറക്കുന്നു. ദേഹത്തിനടിസ്ഥാനമായ ദിവ്യതയെ സദാ ഓർക്കുക. എല്ലാ ജീവ ജാലങ്ങളെയും ഉത്തേജിപ്പിക്കുന്നത് ഈ ദിവ്യ തത്വമാണ്. ഇതോർത്തുകൊണ്ട് കർത്തവ്യം അനുഷ്ഠിക്കുക.

മോഹത്തിനടിമപ്പെട്ട നീ മായാശക്തിയുടെ വലയത്തിലാണ്. മായാശക്തിയെ ഇല്ലാതാക്കാൻ ആത്മശക്തി വളർത്തണം..

അജ്ഞാനം അഗ്നിയെപ്പോലെയാണ്. അഗ്നിയെ ശമിപ്പിച്ചാലും തീപ്പൊരി കൾ അവശേഷിക്കുന്നു. അത് കാറ്റിൽ ചുറ്റുപാടും പറന്നു നടക്കുന്നു. ഒരു തീ പൊരി പോലും അവശേഷിക്കാത്ത രീതിയിൽ അഗ്നിയെ ശമിപ്പിക്കു ന്നതുപ്പോലെ ആകണം അജ്ഞാനത്തെ നശിപ്പിക്കേണ്ടത്.

എന്ത് വിദ്യാഭ്യാസ യോഗ്യതയുണ്ടെങ്കിലും ഏത് പദവിയിലിരിക്കുന്ന വനായാലും ഇന്ദ്രിയങ്ങൾക്ക് മേൽ നിയന്ത്രണം സാധിച്ചില്ലെങ്കിൽ മനശ്ശാന്തി ലഭിക്കുകയില്ല.

ദുശ്ചിന്തകളും ആശയങ്ങളും ചെറിയ മാത്രയിൽപോലും നിങ്ങളുടെ മനസ്സിൽ പ്രവേശിക്കാൻ അനുവദിക്കരുത്. അശുദ്ധിയുടെ അണുവിടപോലും ഹൃദയത്തിൽ പ്രവേശിക്കാൻ അനുവദിക്കരുത്. അവ അവിടെ അടിയുറപ്പിക്കുന്നതിനു മുമ്പ് പുറംതള്ളണം. ഇത് അപ്രസക്തമായ തോതിലേ ഉള്ളൂ എന്നനുമാനിച്ച് നിഷ്കാസനം ചെയ്തില്ലെങ്കിൽ അവ വളർന്ന് നിങ്ങളെ ഉപദ്രവിക്കും. അതുകൊണ്ട് ഇന്ദ്രിയങ്ങൾ എങ്ങനെ ശരിയായി പ്രവർത്തിക്കണം എന്ന് മനസ്സിലാക്കി, ഇന്ദ്രിയങ്ങളെ ശരിയായ വിധത്തിൽ ഉപയോഗിച്ചാൽ, അവ നിങ്ങളെ ശല്യം ചെയ്യുകയില്ല.

നിന്റെ മനസ്സ് സ്ഥിരമായി എന്നിൽ ഉറപ്പിക്കുക. ഞാൻ നിന്റെ ആത്മാവാണ്. നിന്റെ മനസ്സ് എന്നിൽ മുഴുകിക്കൊണ്ട് നിന്റെ എല്ലാ കർത്തവ്യങ്ങളും അനുഷ്ഠിക്കുക.

ആത്മാവിനെ നിരന്തരം നിങ്ങളുടെ ദൃഷ്ടിപഥത്തിൽ സൂക്ഷിക്കുക. നിങ്ങൾ എന്ത് ചെയ്യുമ്പോഴും ഈ ആത്മദൃഷ്ടി ഉണ്ടെങ്കിൽ നിങ്ങൾക്ക് ജ്ഞാനപഥത്തിൽ എത്താം. പ്രവൃത്തികൾ നിരന്തരം ചെയ്തുകൊണ്ടിരിക്കുക. ജീവിത സാഹചര്യങ്ങൾക്കിടയിൽ കഴിയുക. എന്നാൽ നിങ്ങളുടെ ശ്രദ്ധയും ഏകാഗ്രതയും ആത്മാവിലായിരിക്കണം.

മനസ്സിനെ ഇന്ദ്രിയ വിഷയങ്ങളിൽനിന്നകറ്റി ആത്മാവിൽ ഉറപ്പിക്കുക. എങ്കിൽ മനസ്സിന് വിശ്രാന്തിയും ശുദ്ധിയും ഉണ്ടാകുന്നു. ഇത് നിരന്തരം അഭ്യസിക്കേണ്ടതാണ്.

വിവിധ പ്രവൃത്തികളിൽ ഏർപ്പെടുന്ന മനുഷ്യന് അതിനുള്ള ശക്തി നൽകുന്നത് അവനിലടങ്ങിയിരിക്കുന്ന ദിവ്യ ചൈതന്യമാണ് . ഈ ദിവ്യ ശക്തി ഇല്ലെങ്കിൽ അവനൊന്നും ചെയ്യാനാകില്ല.

ഒരാൾ ഒരു തെറ്റ് ചെയ്താൽ അവനു ശരിയായ മാർഗ്ഗം കാണിച്ചുകൊടുക്കേണ്ടത് നിങ്ങളുടെ കടമയായിരിക്കാം. എന്നാൽ ഓരോരുത്തരിലും അടങ്ങിയിരിക്കുന്ന ഒരേയൊരു ദിവ്യത അംഗീകരിച്ചുകൊണ്ട് നിങ്ങളുടെ പ്രത്യേക ശ്രദ്ധ നിങ്ങളെത്തന്നെ തിരുത്തുവാനും നിങ്ങളുടെ ജോലി ശരിയായി പൂർത്തീകരിക്കാനുമായിരിക്കണം.

നിങ്ങൾ ദൈവവുമായി ഒന്നായി തീർന്നാൽ ക്ഷുദ്രചിന്തകളും ആശയങ്ങളും അപ്രത്യക്ഷമാകും. അവ നിങ്ങളുടെ ശാന്തിയെ ശല്യം ചെയ്യുകയില്ല.

ഒരു ഭക്തൻ വളർത്തേണ്ട പ്രധാന ഗുണങ്ങളിൽ ഒന്ന് ക്ഷമയാണ്. അത് ശാന്തമായ ക്ഷമിക്കാൻ കഴിവുള്ള പ്രകൃതമാണ്. ഏത് ചുറ്റുപാടിലും അത് ശാന്തമായി നിലകൊള്ളുന്നു. തിരിച്ച് എന്തുനൽകി എന്ന് പരിഗണിക്കാതെ അത് അന്യർക്ക് നന്മ ചെയ്തുകൊണ്ടിരിക്കും. ക്രോധ-മദ-മാത്സര്യങ്ങൾ നിലനിൽക്കുന്നിടത്തോളം ക്ഷമ വളർത്താനാകില്ല.

ആത്മീയ സാധനയിൽ വാക്കുകളും ദുർഗുണങ്ങളും നിയന്ത്രിക്കുന്നതിന് ക്ഷമയും സഹനവും ഉപയോഗിക്കണം. ലഭ്യമായ സന്ദർഭങ്ങളിൽ ക്ഷമക്കും സഹനത്തിനും ഈ കഴിവുണ്ടോ എന്ന് പരീക്ഷിക്കുക.

ദൈവത്തെ ഒരിക്കലും മറക്കരുത്
ലോകത്തെ ഒരിക്കലും വിശ്വസിക്കരുത്
മരണത്തെ ഒരിക്കലും ഭയപ്പെടരുത്

ഇവ മൂന്നും ഹൃദയത്തിൽ കൊത്തി വെച്ച് എല്ലായ്പ്പോഴും ഓർത്തുകൊണ്ടിരിക്കുക. ഇത് നിങ്ങളുടെ ജീവിതം പവിത്രമാക്കും, നിങ്ങളെ എന്നിൽ എത്തിക്കും.

-----------------------------

(തുടരും)